## ബാങ്ക് വായ്പകളിലും വനിതാസംവരണം

ന്യൂഡെൽഹി: പൊതുമേഖലാ ബാങ്കുകൾ അവയുടെ മൊത്തം വായ്പയുടെ രണ്ടുശതമാനം എങ്കിലും വനിതകൾക്കായി മാറ്റിവെയ്ക്കണമെന്ന് ധനമന്ത്രി അംഗീകരിച്ച കർമ്മപദ്ധതി നിർദ്ദേശിക്കുന്നു. അഞ്ചുവർഷത്തിനുള്ളിൽ ഇത് അഞ്ചു ശതമാനമായി ഉയർത്താനും നിർദ്ദേശിക്കുന്നുണ്ട്. വനിതകൾക്കുള്ള വായ്പ, പ്രത്യേകിച്ച് ചെറുകിടവ്യവസായമേഖലയിലുള്ളവ, ശക്തിപ്പെടുത്താനായി തയ്യാറാക്കിയ കർമ്മപദ്ധതിയിലാണ് ഈ നിർദ്ദേശങ്ങളുള്ളത്.

രാജ്യത്തെ വനിതകൾക്ക് എളുപ്പത്തിൽ ബാങ്ക് വായ്പകൾ ലഭ്യമാക്കാൻ നിരവധി നടപടികൾ ഈ 14 ഇന കർമ്മപദ്ധതിയിലുണ്ട്. രാജ്യത്തെ എല്ലാ ജില്ലകളിലും വനിതകൾക്കായുള്ള ഒരു പ്രത്യേക ശാഖയെങ്കിലും ഉണ്ടെന്ന് ഇത് ഉറപ്പാക്കും. മറ്റു ശാഖകളിൽ നിന്നു വ്യത്യസ്തമായി ലൈബ്രറികൾ, കൗൺസലിംഗ് സൗകര്യം, വിവരങ്ങൾ തേടാനുള്ള സൗകര്യം എന്നിവയെല്ലാം ഇവിടെയുണ്ടാകും.

## കെട്ടിക്കിടക്കുന്ന കേസ്സുകൾ

ന്യൂഡെൽഹി: രാജ്യത്തെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ സത്വരമായി തീർപ്പാക്കേണ്ടതുണ്ടെന്ന് കേന്ദ്ര നിയമ കമ്പനികാര്യമന്ത്രി അരുൺ ജെയ്റ്റ്ലി. രാജ്യത്തെ ജില്ലാ കോടതികളിലും കീഴ്ക്കോടതികളിലുമായി 2.4 കോടി കേസ്സുകളും ഹൈക്കോടതികളിൽ 33 ലക്ഷം കേസ്സുകളും കെട്ടിക്കിടക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ ഓരോ ജില്ലകളിലും അഞ്ചുവീതം അഡീഷണൽ ജില്ലാ കോടതികൾ സ്ഥാപിക്കുന്നതിനായി പതിനൊന്നാം ധനകമ്മീഷൻ 504.90 കോടിരൂപ അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.